(സി) സൈബർ പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സർക്കാർ തലത്തിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല.

(ബി) എസ്. സി. ആർ. ബി.-ൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് സർക്കാർ 15-4-2004-ൽ 909/2004 ആഭ്യന്തരം നമ്പരായി ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ രൂപവൽക്കരിക്കുന്നതിന്റെ പ്രാരംഭ നിശയിപ്പായതിനാൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) 3-6-2005-ലെ ജി. ഒ. (ആർ.ടി.) 1365/2005 ആയ ഉത്തരവ് പ്രകാരം 32 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ഫോറൻസിക് എന്ന വിഷയത്തിൽ സി-ഡാക് സ്ഥാപനത്തിൽ ട്രെയിനിംഗ് നൽകുന്നതിന് തീരുമാനം ആയിട്ടുണ്ട്. എന്നാൽ സൈബർ സ്റ്റേഷന് ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികയും മറ്റ് സൗകര്യങ്ങളും തീരുമാനിച്ചിട്ടില്ല.

## യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആത്മഹത്യ ചെയ്തവരെ സംബന്ധിച്ച കണക്ക്

121 [77] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; അവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കടക്കെണിയും കൃഷിനാശവുംമൂലം ആത്മഹത്യ ചെയ്ത കർഷകർ എത്രയാണെന്നും അവരുടെ ജില്ല തിരിച്ചുള്ള കണക്കുകളും അവരുടെ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ നടപടികളാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആത്മഹത്യ ചെയ്തവരിൽ സ്ത്രീകൾ എത്രപേരുണ്ടെന്നും പുരുഷൻമാർ എത്രപേരുണ്ടെന്നും ആൺകുട്ടികൾ എത്രപേരുണ്ടെന്നും പെൺകുട്ടികൾ എത്രപേരുണ്ടെന്നും ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കൂട്ട ആത്മഹത്യകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ എത്ര കൂട്ട ആത്മഹത്യകൾ സംസ്ഥാനത്ത് നടന്നിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണതയെ സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിലവിൽ കൈക്കൊണ്ട നടപടികളും വിശദമാക്കുമോ?

*ഉത്തരം*

(എ) — (ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വിവിധ അതിക്രമങ്ങളുടെ കണക്ക്**

122 [78] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മോഷണം, ഭവനഭേദനം, കവർച്ച, കൊലപാതകം, സ്ത്രീപീഡനം, ബലാൽസംഗം എന്നിവയുടെ കണക്ക് തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവ ഓരോന്നിലും എത്ര പ്രതികളെ വീതം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) — (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പോലീസ് സ്റ്റാഫ് സഹകരണസംഘ ഓഫീസിലെ അതിക്രമം**

123 [79] *ശ്രീ. ലൂഡി ലൂയിസ്:*
*„ എം. എം. ഹസ്സൻ:*
*„ ടി. എൻ. പ്രതാപൻ:*
*„ കെ. വി. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പോലീസ് കമ്മീഷണർ ആഫീസിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റാഫ് സഹകരണസംഘത്തിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയംഗമായ എം. ഷറഫുദ്ദീൻ എച്ച്. സി. ടി. 617 എന്നയാൾ 14-6-2005-ൽ പ്രസ്തുത സംഘം ഓഫീസിലെത്തി സംഘം സെക്രട്ടറിയേയും മറ്റു സ്റ്റാഫംഗങ്ങളേയും അസഭ്യം പറയുകയും അധിക്ഷേപിക്കുകയും ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly